## കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.10.2017-ലെ യോഗ തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18-ലെ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും

മുൻ വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിക്ക് ഭേദഗതി അനുവദിച്ചിരുന്നത് സാമ്പത്തിക വർഷാവസാനം ആയിരുന്നു. എന്നാൽ ഈ വർഷം ഓരോ ത്രൈമാസവും 25 ശതമാനം വീതം പദ്ധതി ചെലവ് വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജനുവരി മുതൽ മാർച്ച് മാസം വരെയുള്ള മൂന്ന് മാസക്കാലം ചെലവഴിക്കാവുന്ന പരമാവധി പദ്ധതി തുക 30 ശതമാനമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി ചെലവിലെ ഈ ക്രമീകരണം അനുസരിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് സഹായകരമാകും വിധം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017-18-ലെ വാർഷിക പദ്ധതി 16.10.2017 മുതൽ 25.10.2017 വരെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭേദഗതി ചെയ്യാവുന്നതാണ്. ഇതിനുള്ള മുന്നൊരുക്കം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അടിയന്തിരമായി കൈക്കൊള്ളുകയും എല്ലാത്തരം ഭേദഗതികളും 25.10.2017-നു മുമ്പ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

I. 2017-18 വാർഷിക പദ്ധതിയിൽ ചുവടെപറയുന്നവയ്ക്കു മാത്രം ഭേദഗതി ചെയ്യുന്നതിനാണ് അനുമതി നൽകുന്നത്.

1. വാർഷിക പദ്ധതി പ്രോജക്ടുകളിൽ അധികമായി വന്ന സേവിംഗ്സ് തുക ഉപയോഗിച്ചുകൊണ്ട് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനോ ഉള്ള ഭേദഗതി
2. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് (ഉദാ. MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ തുടങ്ങിയവ) നടപ്പാക്കുന്ന പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ഭേദഗതി.
3. എസ്.സി.എസ്.പി., റ്റി.എസ്.പി, ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നാൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്
4. വെറ്റിംഗ് ഓഫീസർ അംഗീകരിക്കാത്തതോ സാങ്കേതികാനുമതി ലഭിക്കാത്തതോ ആയ പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നാൽ ഇവയ്ക്ക് പകരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്.
5. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടി.
6. ഭാഗികമായി നിർമ്മാണം നടത്തിയ വീടുകൾ ലൈഫ് മിഷന്റെ ഭാഗമായി പൂർത്തിയാക്കാൻ പ്രോജക്ടുകൾ തയ്യാറാക്കാം. ഇതിനായി അധിക വിഹിതം കണ്ടെത്താൻ സേവിംഗ് തുകയോ മുൻപ് ഭവന നിർമ്മാണത്തിന് മാറ്റി വച്ച തുകയോ ഉപയോഗിക്കേണ്ടതാണ്. ഈ തുക തികയാതെ വന്നാൽ മാത്രം അത്യാവശ്യ സ്വഭാവ മില്ലാത്ത പ്രോജക്ടുകൾ ഭേദഗതി ചെയ്യാം.
7. വ്യക്തിഗത പ്രോജക്ടുകളിൽ അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലായെങ്കിൽ അത്തരം പ്രോജക്ടുകൾ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ഭേദഗതി ചെയ്യാവുന്നതാണ്.
8. അധികമായി ലഭിച്ച ലോക ബാങ്ക് ഫണ്ടുപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഭേദഗതി.

9. സ.ഉ.(സാധാ)നം.3337/2017/ധന – തീയതി 12.04.2017, സ.ഉ.(സാധാ) നം.5375/2017/ധന– തീയതി 05.07.2017 എന്നീ ഉത്തരവുകൾ പ്രകാരം അധികമായി അനുവദിച്ച ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനോ
10. സർക്കാർ നിർദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ എറ്റെടുക്കുന്നതിനായി

മുകളിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം പ്രോജക്ടുകൾ ഭേദഗതി വരുത്തുമ്പോൾ ഭേദഗതി വരുത്താനുള്ള കാരണം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

II.

1) തനത് ഫണ്ടിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് പകരം മറ്റു സ്രോതസ്സിലുള്ള ഫണ്ട് ഉപയോഗിക്കുന്നതിന് ഭേദഗതി പാടില്ല.

2) 2017–18 വാർഷിക പദ്ധതി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2017 ഒക്ടോബർ 25–ന് മുമ്പുതന്നെ ഭേദഗതി ഡി.പി.സി. അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.